# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.986** **30.9.2016 ൽ മറുപടിയ്ക്ക്**

## സംയോജിത കൃഷി പദ്ധതി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലത്തകർച്ചയെത്തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി കർഷകർ മറ്റു കൃഷിയിലേക്ക് തിരിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ വെട്ടിമാറ്റിയ തോട്ടങ്ങളുടെ കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലം ഇത്തരത്തിൽ മാറ്റിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. എന്നാൽ ഇതുസംബന്ധിച്ച കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) ഇത്തരത്തിൽ റബ്ബർ വെട്ടിമാറ്റിയ സ്ഥലങ്ങളിൽ സംയോജിത കൃഷി പദ്ധതി എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഒന്നെങ്കിലും ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനത്തെപ്പറ്റി വിശദമാക്കുമോ; | (ബി) & (സി) സംയോജിത കൃഷി വ്യാപനമാണ് സർക്കാരിന്റെ നയപരിപാടി. ഇതിലധിഷ്ഠിതമായ പദ്ധതിക ളാണ് കൃഷി വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. ഇതുവഴി ഏതെങ്കിലും ഒരു വിളയ്ക്കു നേരിടുന്ന വിലത്തകർച്ച നേരിടാൻ കർഷകനു സാധിക്കുന്നതാണ്. സഹകരണ ബാങ്ക് വഴി പലിശ രഹിത വായ്പ ലഭ്യമാക്കി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഇതിനായി ത്രിതല പഞ്ചായത്തുകളുടെ സഹകരണം ഉറപ്പ് വരുത്തുന്ന തിന് ശ്രമിച്ചുവരുകയുമാണ്. |
| (സി) ഇത്തരത്തിൽ പദ്ധതി ആലോചിച്ചിട്ടില്ല എങ്കിൽ കേരളത്തിലെ പഴം-പച്ചക്കറി കൃഷി വികസനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തു കളുടെയും സഹകരണ ബാങ്കുകളുടെയും സഹകരണത്തോടെ ഇവിടങ്ങളിൽ കൃഷിയും കോഴിവളർത്തലും ഉൾപ്പെടെയുള്ളവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**